(സി) ഇത് സംബന്ധിച്ച് സർക്കാരിലേക്ക് ഏതെങ്കിലും രൂപത്തിലുള്ള പരാതിയോ അപേക്ഷകളോ കിട്ടിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ഡി) ഇതുവരെയായി ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) നടപടി സ്വീകരിച്ചില്ലായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ 1997-ൽ നിലവിൽ വന്ന എൽ.പി./യു.പി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

106 [5086] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 1997-ൽ നിലവിൽ വന്ന എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരുടെ പേര്, നിയമിച്ച സ്ക്കൂൾ വ്യക്തമാക്കികൊണ്ടുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) '1245 പേർക്ക്' നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ താൽക്കാലിക നിയമനം

107 [5087] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയത് ഏതെല്ലാം സ്കൂളുകളിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) ഒഴിവുകൾ

108 [5088] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) തസ്തികകളിൽ എത്ര വീതം ഒഴിവുകളുണ്ട്; അതിൽ എൻ.ജെ.ഡി. ഒഴിവുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly